LIBRARY ARCHIVES Kerala Legislative Assembly

മലബാറിലെ വിനോദസഞ്ചാര സാദ്ധ്യതകൾ

*26 [528] ശ്രീ. പി. ജയരാജൻ:
,, ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ വിനോദസഞ്ചാര സാദ്ധ്യതകളെ വളർത്തിയെടുക്കുന്നതിന് എന്തെല്ലാം പദ്ധതികൾക്കാണ് സർക്കാർ മുൻഗണന നൽകുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) ബേക്കൽ റിസോർട്ട്സ് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ ബേക്കൽ അന്താരാഷ്ട്ര നിലവാരമുള്ള സമുദ്രതീരമാക്കി വികസിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് വെളിപ്പെടുത്താമോ?

വിനോദസഞ്ചാര വകുപ്പുമന്ത്രി (പി. ശങ്കരൻ):

(എ) മലബാറിലെ വിനോദസഞ്ചാര സാദ്ധ്യതകളെ വളർത്തിയെടുക്കുന്നതിന് വേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുകയും ചെയ്യുന്നതിനാണ് ഈ സർക്കാർ മുൻഗണന നൽകിയിരിക്കുന്നത്. ഇങ്ങിനെ വികസിപ്പിച്ചെടുക്കുന്ന ടൂറിസം കേന്ദ്രങ്ങളെ വിപണനം ചെയ്യുന്നതിന് 'മിസ്റ്റിക്സ് ഓഫ് മലബാർ' തുടങ്ങിയ വിവിധ വിപണനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും മുൻഗണന നൽകുന്നുണ്ട്.

(ബി) മേപ്പാടിയിൽ ഒരു വഴിയോര വിശ്രമകേന്ദ്രം, കോഴിക്കോട്ട് കണയൻകോട്, കണ്ണൂരിൽ അഴീക്കോട്, പയ്യന്നൂരിലെ കൊറ്റി, കാസർഗോഡ് ആറ്റിൻകടവ് എന്നിവിടങ്ങളിൽ 4 വലിയ ജെട്ടികളുടെ നിർമ്മാണം, നീലേശ്വരത്ത് ഹൗസ്ബോട്ട് ടെർമിനൽ, വാടിയ്ക്കലിൽ ഹൗസ്ബോട്ട് ടെർമിനൽ എന്നീ പ്രോജക്ടുകൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തീകരിച്ചു കഴിഞ്ഞു.

ജലസമ്പത്തിനെക്കുറിച്ച് ദേശീയ ജലവികസന ഏജൻസിയുടെ പഠനം

*27 [529] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസമ്പത്തിനെക്കുറിച്ച് ദേശീയ ജലവികസന ഏജൻസി പഠനം നടത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ചാലക്കുടി, പമ്പ, അച്ചൻകോവിൽ, കല്ലട എന്നീ നദികളിലെ ജലം മറ്റു സംസ്ഥാനങ്ങളിലേക്ക് തിരിച്ചുവിടാൻ പ്രസ്തുത പഠന റിപ്പോർട്ട് ശുപാർശ ചെയ്തിട്ടുണ്ടോ;

(സി) റിപ്പോർട്ട് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്. ദേശീയ ജലവികസന ഏജൻസി സംസ്ഥാനത്തെ ഭൂരിഭാഗം നദികളെപ്പറ്റിയും 1980-കളുടെ അവസാനം പഠനം നടത്തി അവയിലെ ജലലഭ്യത, ജലസന്തുലനം ഇവ കണക്കാക്കിയിട്ടുണ്ട്. ദേശീയ ജല വികസന ഏജൻസിയുടെ കേരളത്തിലെ നദികളെ സംബന്ധിച്ച ഏതു പഠന റിപ്പോർട്ട് പരിശോധിച്ചാലും അതെല്ലാം കേരളത്തിലെ നദികളിൽ അധികജലം ഉണ്ട് എന്ന് സ്ഥാപിക്കാനുള്ള പരിശ്രമം ദൃശ്യമാണ്. ജലവികസന ഏജൻസിയുടെ എല്ലാ പഠന റിപ്പോർട്ടുകളിലും ആകെ ലഭ്യമായ ജലസമ്പത്ത് കണ്ടുപിടിക്കുമ്പോൾ അതിൽ ഉപയോഗപ്രദമായ ജലസമ്പത്ത് എത്രയെന്ന് കണക്കാക്കാറില്ല. ഗാർഹികം, ജലസേചനം, വ്യാവസായികം തുടങ്ങി വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ജലത്തിന്റെ അളവ് കണക്കാക്കുന്നതിലും വ്യത്യാസങ്ങൾ കാണാറുണ്ട്.

(ബി) ചാലക്കുടി, കല്ലട എന്നീ നദികളിലെ ജലം മറ്റു സംസ്ഥാനങ്ങളിലേക്ക് തിരിച്ചുവിടാൻ പ്രസ്തുത പഠന റിപ്പോർട്ട് ശുപാർശ ചെയ്തിട്ടില്ല. എന്നാൽ പമ്പ, അച്ചൻകോവിൽ എന്നീ നദികളിലെ ജലം അയൽ സംസ്ഥാനങ്ങളിലേക്ക് തിരിച്ചുവിടാൻ ശുപാർശ ചെയ്തിട്ടുണ്ട്.

(സി) 26-3-2003-ൽ ന്യൂഡൽഹിയിൽ വച്ച് നടന്ന ദേശീയ ജലവികസന ഏജൻസിയുടെ യോഗത്തിൽ പങ്കെടുത്ത സംസ്ഥാന ജലവിഭവ വകുപ്പുമന്ത്രി കേരളത്തിന് പ്രാതിനിധ്യമില്ലാത്ത ദേശീയ ജലവികസന ഏജൻസിയുടെ പഠന റിപ്പോർട്ട് കേരളത്തിന് സ്വീകാര്യമല്ലായെന്നും കേരളത്തിന് ഇക്കാര്യത്തിൽ പ്രതിഷേധം ഉണ്ടെന്നും അറിയിക്കുകയുണ്ടായി. പമ്പ-അച്ചൻകോവിൽ നദികളിൽ നിന്നും തമിഴ്നാട്ടിലേക്ക് ജലം തിരിച്ചുവിടാനുള്ള ദേശീയ ജലവികസന ഏജൻസിയുടെ ശുപാർശയെ കേരള ഗവൺമെന്റ് ശക്തമായി എതിർക്കുകയും പ്രതിഷേധം വിവിധ തലങ്ങളിൽ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കണമെന്ന് കേരള സർക്കാർ, ദേശീയ ജലവികസന ഏജൻസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതി ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് കേരള നിയമസഭ പാസ്സാക്കിയ പ്രമേയത്തിന്റെ പകർപ്പ് കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിക്ക് കേരള ജലവിഭവ മന്ത്രിയും കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങളും ഉൾപ്പെടുന്ന പ്രതിനിധി സംഘം നേരിൽകണ്ട് നൽകുകയും പദ്ധതി ഉപേക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. പ്രധാനമന്ത്രിക്കും ഇത് സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ട്. കേരളം സന്ദർശിച്ച പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റിയോടും പദ്ധതി ഉപേക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly